(സി) പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ എന്ന് പുനരാരംഭിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ എന്ത് കാലതാമസം ഉണ്ടാകുമെന്ന് വിശദമാക്കുമോ ;

(ഇ) നിർമ്മാണം പൂർത്തീകരിച്ച് ഗതാഗതയോഗ്യമാക്കി ഉദ്ഘാടനം നടത്തുവാൻ 2011 ഏപ്രിൽ മാസത്തിന് മുമ്പ് സാധിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കീച്ചേരി വാൽക്കടവ് പാലം നിർമ്മാണത്തിനുള്ള ടെണ്ടർ സർക്കാർ പരിശോധിച്ചുവരികയാണ്. കരാർ ഉറപ്പിച്ചിട്ടില്ല.

(ബി) 1,40,64,411 രൂപയ്ക്കാണ് റീ-ടെണ്ടർ ചെയ്തത്.

(സി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാർ ഒപ്പിട്ടശേഷമേ പണികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

(ഡി&ഇ) കരാർ ഒപ്പിട്ടതിനുശേഷം 10 മാസ കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

കൃത്യവിലോപം കാട്ടിയ സർക്കാർ അഭിഭാഷകർക്കെതിരെ സ്വീകരിച്ച നടപടികൾ

226 (676) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ അഭിഭാഷകരുടെ കൃത്യമായ ഇടപെടൽ ഉണ്ടാകാത്തതുമൂലം കേസ്സുകളിൽ സർക്കാരിനെതിരെ വിധിയുണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇപ്രകാരം വിധിയുണ്ടായ കേസ്സുകൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ ;

(സി) ഇത്തരം അഭിഭാഷകർക്കെതിരെ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) Crl.A.No. 1774/2010 എന്ന കേസ്സിൽ ബഹു. സുപ്രീം കോടതിയിൽ സർക്കാർ അഭിഭാഷകൻ ഹാജരാകാത്തതിനാൽ ജാമ്യം അനുവദിച്ച സാഹചര്യം ഉണ്ടായിട്ടുണ്ട്. ഇതിനുത്തരവാദിയായ ശ്രീ. ആർ. സതീഷിൽനിന്നും വിശദീകരണംവാങ്ങി നൽകാൻ സുപ്രീംകോടതി സ്റ്റാന്റിംഗ് കൗൺസിൽ അഡ്വക്കേറ്റ് ജനറലിനോട് ആവശ്യപ്പെടുകയും വിശദീകരണം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ആയത് പരിശോധിച്ച് തുടർ നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly